## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1386** **10-10-2024 - ൽ മറുപടിയ്ക്ക്**

## ശ്രീ.വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റെടുക്കപ്പെട്ട ശ്രീ. വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂളിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിന് ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷനെ ചുമതലപ്പെടുത്തി ഉത്തരാവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് (സാധാ) നം. 3392/2022/GEDN തീയതി 04.06.22 പ്രകാരം നടുവത്തൂർ ശ്രീ. വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കുന്നതിനുള്ള അനുമതി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി കൊണ്ടും അനുബന്ധ തുടർ നടപടികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ് എന്നും ഉത്തരവായിരുന്നു. തുടർന്ന് സ്കൂളിന്റെ പേര് മാറ്റുന്നതിനും സ്കൂളിന്റെ സുഗമമായ നടത്തിപ്പ് സംബന്ധിച്ച് മറ്റ് നടപടികളെടുക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തുകയും ടി സ്കൂളിന്റെ പേര് ശ്രീ. വാസുദേവാശ്രമം ഗവ. ഹയർ സെക്കൻണ്ടറി സ്കൂൾ, (നടുവത്തൂർ പി. ഒ) എന്നാക്കി മാറ്റി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളിന്റെ ആസ്തി- ബാധ്യതകൾ സർക്കാരിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ; ഇക്കാര്യത്തിൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | സ്കൂളിന്റെ ആസ്തി-ബാധ്യതകൾ സർക്കാരിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനായി ആസ്തി-ബാധ്യത നിർണ്ണയിച്ച് പ്രപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്കൂളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കാമോ? | (സി) | സ്കൂളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച് പ്രപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ